# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5469** **01.07.2019 ൽ മറുപടിയ്ക്ക്**

## വയനാട്ടിലെ സൗരോർജ്ജ പാനൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഒ. ആർ. കേളു** | | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീടിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് വയനാട് ജില്ലയിൽ നിന്നും ആകെ എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉപഭോക്താക്കളുടെ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് സൗര പദ്ധതിയിൽ വയനാട് ജില്ലയിൽ നിന്നും ആകെ 21,140 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിവിധ മാതൃകകൾ ചുവടെ ചേർക്കുന്നു.<br><br>1. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ - ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്കു നൽകുന്നു.<br>2. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ -ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേക്ക് (കരാർ കാലാവധി) നിശ്ചിത നിരക്കിൽ കെട്ടിടയുടമയ്ക്കു നൽകുന്നു.<br>3. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി.എൽ സൗരനിലയം സ്ഥാപിക്കുന്നു.<br><br>(i) ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബി. എൽ വാങ്ങുന്നു.<br>അല്ലെങ്കിൽ<br><br>(ii) ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകൻ ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ വയനാട് ജില്ലയിലെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | വയനാട് ജില്ലയിൽ ആകെ ലഭിച്ച 21,140 അപേക്ഷകളിൽ 18,382 അപേക്ഷകരുടെയും സ്ഥല പരിശോധന പൂർത്തിയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**